ഉത്തരം

(എ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യുടെ കീഴിൽ പുതുതായി 25 ബ്രാഞ്ചുകൾ ആരംഭിക്കാൻ 2003-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.‡

(ഡി) കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതോടുകൂടി പുതിയ ശാഖകൾ ആരംഭിക്കാമെന്ന തീരുമാനത്തിന്റെ ഭാഗമായി പുതിയ ശാഖകൾ ആരംഭിക്കുവാനുള്ള നടപടികൾ തൽക്കാലം മാറ്റിവെച്ചിരിക്കുകയാണ്. താമസിയാതെ തന്നെ പുതിയ ശാഖകൾ ആരംഭിക്കുവാനുള്ള നടപടികൾ എടുക്കുന്നതാണ്.

(ഇ) കോഴിക്കോട് ജില്ലയിൽ കെ.എസ്.എഫ്.ഇ.-യുടെ 18 ശാഖകൾ പ്രവർത്തിച്ചുവരുന്നു. ആരംഭിക്കുവാനുള്ള പുതിയ ശാഖകളുടെ പട്ടികയിൽ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, മുക്കം എന്നീ ശാഖകൾ ഉൾപ്പെടുന്നുണ്ട്.

(എഫ്) കമ്പ്യൂട്ടർവൽക്കരണത്തിനുശേഷം മാത്രമേ പുതിയ ശാഖകൾ ആരംഭിക്കേണ്ടതുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ച ശാഖകൾ പ്രവർത്തനം ആരംഭിക്കാതിരിക്കുന്നത്. പുതിയ ശാഖകൾ എത്രയുംവേഗം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

37 [2006] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്ക് ക്രമാതീതമായി വിലനിലവാരം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മാർക്കറ്റിൽ ഇടപെടുവാൻ തക്കരൂപത്തിൽ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ആവശ്യം പരിഗണിച്ച് മാവേലി സ്റ്റോറുകൾ വ്യാപകമായി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എല്ലാ നിത്യോപയോഗ ഭക്ഷ്യസാധനങ്ങളും മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യാൻ നടപടി കൈക്കൊള്ളുമോ?

---

†, ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, സൂപ്പർമാർക്കറ്റുകൾ, തെരഞ്ഞെടുത്ത റേഷൻ കടകൾ എന്നിവ മുഖേന കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതുവഴി ഫലപ്രദമായ കമ്പോള ഇടപെടലാണ് സർക്കാർ നടത്തിവരുന്നത്.

(സി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത 135 പഞ്ചായത്തുകളിൽ കൂടി ഓരോ മാവേലി സ്റ്റോർ വീതം അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ 17 നിത്യോപയോഗ ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തുവരുന്നു. പച്ചക്കറി ഒഴിച്ചുള്ള മിക്കവാറും എല്ലാ നിത്യോപയോഗ ഭക്ഷ്യസാധനങ്ങളും മാവേലിസ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

പൊതുവിതരണ ശൃംഖലയിലെ വിലനിയന്ത്രണ നടപടികൾ

38 [2007] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലെ റേഷൻ കടകൾ, ത്രിവേണി, മാവേലി, ലാഭം സ്റ്റോറുകൾ, നീതി സ്റ്റോറുകൾ ഇവയുടെ ഫലപ്രദമായ വില നിയന്ത്രണ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പൊതുവിപണിയിൽ സർക്കാരിന്റെ ഇടപെടൽമൂലം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ മാറ്റമുണ്ടായിട്ടുണ്ടോ; വ്യത്യാസത്തിന്റെ വിശദമായ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലെ റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, പി.ഡി.എസ്. ആട്ട എന്നിവ വിതരണം ചെയ്യുന്നുണ്ട്. വിലവിവരം താഴെ ചേർക്കുന്നു:

(വില 1 കിലോഗ്രാമിന്)

	എ.പി.എൽ.	*ബി.പി.എൽ.*
അരി	8.90 രൂപ	6.20 രൂപ
ഗോതമ്പ്	6.70 ,,	4.70 ,,
പഞ്ചസാര	. .	13.50 ,,
പി.ഡി.എസ്. ആട്ട	10.90 ,,	10.90 ,,

LIBRARY ARCHIVES Kerala Legislative Assembly